ओ३म्

# ദയാനന്ദ സന്ദേശം

*വെള്ളിനേഴി ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

**ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)**

**വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!**




**പുസ്തകം : 1 ലക്കം 3 വേദ സൃഷ്ടി സംവത്സരം 1972949114 കലിവർഷം 5115 ഭാദ്രപദം – ആശ്വിനം 1189 ചിങ്ങം – കന്നി 2013 സെപ്തംബർ**



## മുഖവാണി

### ആര്യസമാജത്തിന്റെ അടിസ്ഥാനം വേദതത്ത്വങ്ങൾ

ആര്യസമാജമെന്നതിന് ഒറ്റവാക്കിൽ ഉത്തരം പറയേണ്ടിവന്നാൽ അത് 'വേദമത' മാണെന്ന് സ്വർഗ്ഗീയ പണ്ഡിറ്റ് ഗംഗാപ്രസാദ് ഉപാദ്ധ്യായ പറഞ്ഞിട്ടുണ്ട്. വേദങ്ങളെ ആദരിക്കുന്ന നിരവധി വിഭാഗക്കാരുണ്ട്. ഹിന്ദുമതത്തിന്റെ അടിസ്ഥാനം തന്നെ വേദങ്ങളാണെന്ന് നാം അഭിമാനത്തോടെ പറയാറുണ്ട്. എന്നാലിന്ന് ബഹുഭൂരിപക്ഷം ഹിന്ദുക്കളും വേദഗ്രന്ഥങ്ങൾ കാണാത്തവരാണ്. കണ്ടവരിൽ തന്നെ പലരും അവ പൂജാമുറിയിലോ, ചില്ലിട്ട അലമാരികളിലോ ഭദ്രമായി സൂക്ഷിക്കുന്നവരുമാണ്. ഇത് പൂജാമുറിയിൽ പൂവിട്ട് പൂജിക്കുകയല്ലാ മറിച്ച് ജീവിതത്തിൽ പകർത്തുകയാണ് വേണ്ടതെന്ന് ഋഷി ദയാനന്ദൻ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. മംഗളാവസരങ്ങളിൽ നാം നടത്തുന്ന പല ചടങ്ങുകളിലും വേദമന്ത്രങ്ങൾ ഉപയോഗിക്കുന്നില്ലാ എന്നുമാത്രമല്ലാ വൈദിക സിദ്ധാന്തങ്ങൾക്ക് വിരുദ്ധമായവ ധാരാളം കടന്നുകൂടുകയും ചെയ്തിട്ടുണ്ട്. സംസ്കൃതമന്ത്രങ്ങളായതിനാൽ അവയെല്ലാം ഉൽകൃഷ്ടമാണ് എന്നൊരു ധാരണ വന്നു ചേർന്നിട്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ മന്ത്രങ്ങളിൽ പലതിനും നൂറുവർഷത്തിലധികം പഴക്കമില്ലാ എന്നുമോർത്താൽ നന്നായിരിക്കും.

ലക്ഷ്യമറിഞ്ഞ് യാത്ര ചെയ്താലെ ഉദ്ദിഷ്ടസ്ഥലത്തെത്തുകയുള്ളു. അതുതന്നെയാണ് ഈശ്വര-സ്തുതി-പ്രാർഥന - ഉപാസനാദികളുടെ കാര്യത്തിലും സംഭവിക്കുന്നത്. ആപ്തൻമാരായ ഋഷീശ്വരന്മാരും, ആദർശപുരുഷൻമാരായ ശ്രീരാമചന്ദ്രനേയും ശ്രീകൃഷ്ണനേയും പോലുമുള്ളവർ അനുവർത്തിച്ചുപോന്ന വൈദികപാരമ്പര്യാനുഷ്ഠാനങ്ങളായിരിക്കണം നമ്മുടെ മാതൃക. വാൽമീകി രാമായണത്തി**ലും** വ്യാസഭാരതത്തിലും (മൂലഗ്രന്ഥങ്ങളിൽ) ഇവരുടെ ഉത്കൃഷ്ടജീവിതത്തേക്കുറിച്ചുള്ള വിവരണങ്ങളുണ്ട്. ഇവക്കു വിരുദ്ധമായതും ആ മഹാത്മക്കളെ അപകീർത്തിപ്പെടുത്തുന്നതുമായ പല കൽപ്പിതകഥകളും പിന്നീട് പലരും ഋഷീശ്വരന്മാരുടെ നാമധേയത്തിൽ പടച്ചുവിട്ടിട്ടുണ്ട്. ഇത്തരം ഗ്രന്ഥങ്ങൾക്കാണിന്ന് പ്രചാരമേറെയുള്ളതും. കള്ളനാണയങ്ങൾക്കിടയിൽ നിന്ന് യഥാർത്ഥ നാണയം കണ്ടെത്തുക സാധാരണക്കാർക്കിന്ന് വിഷമമായിരിക്കുന്നു. ആര്യസമാജത്തിന്റെ ദൗത്യം സാധാരണക്കാരിൽ സാധാരണക്കാരായവർക്കുപോലും നമ്മുടെ സത്യ-സനാതന വൈദിക കാഴ്ചപ്പാട് മനസ്സിലാക്കാൻ അവസരമൊരുക്കുക എന്നതാണ്. ദയാനന്ദസന്ദേശവും ലക്ഷ്യമാക്കുന്നതിതാണ്.

**പത്രാധിപർ**

## വേദാദ്ധ്യയനം



*ഋഷിഃ മധുഛന്ദാഃ, ദേവതാ മിത്രാവരുണൗ*

*ഛന്ദഃ ഗായത്രീ, സ്വരഃ ഷഡ്ജഃ*

*മിത്രം ഹുവേ പൂതദക്ഷം വരുണം ച*

*രിശാദസമ് | ധിയം ഘൃതാചിം സാധന്താ ||*

*(ഋഗ്വേദം 1.2.7)*

**പദാർത്ഥം:** വിദ്യയേ ആഗ്രഹിക്കുന്ന ഞാൻ (പ്പൂതദക്ഷമ്) പവിത്രബലവും എല്ലാസുഖങ്ങളും നൽകുന്ന (മിത്രമ്) ബ്രഹ്മാണ്ഡത്തിലും ശരീരത്തിലും വസിക്കുന്ന സൂര്യൻ- മിത്രോ - ഈ ഋഗ്വേദപ്രമാണത്താൽ മിത്രശബ്ദത്തിന് സൂര്യൻ എന്നർത്ഥമുൾക്കൊള്ളണം. അതേപോലെ (രിശാദസമ്) രോഗങ്ങളുടേയും ശത്രുക്കളുടേയും നാശനത്തിനും (വരുണം ച) ശരീരത്തിനകത്തും പുറത്തും വസിക്കുന്ന പ്രാണ-അപാനരൂപ വായുവിന്റെ (ഹുവേ) പ്രാപ്തിയുണ്ടാവട്ടെ. അതായത് അകത്തും പുറത്തുമുള്ള പദാർത്ഥങ്ങൾ ഏതൊരുവിദ്യക്കുവേണ്ടിയാണോ നിർമ്മിക്കപ്പെട്ടിരിക്കുന്നത് അവയെല്ലാം സർവ്വരുടെയും പ്രയോജനത്തിനായി വിനിയോഗിക്കുകയാണ് ഉചിതം.

**ഭാവാർത്ഥം:** ഈ മന്ത്രത്തിൽ ലുപ്തോപമലങ്കാരമാണുള്ളത്. എങ്ങിനെയാണോ സമുദ്രങ്ങളിൽ നിന്നും മറ്റും ജലം സൂര്യന്റെ ആകർഷണത്താൽ വായുവിലൂടെ ആകാശത്തേക്കുയർന്ന് എല്ലാവരുടേയും ഐശ്വര്യത്തിനും സംരക്ഷണത്തിനുമായി മഴയായി തീരുന്നത്. അതുപോലെ മനുഷ്യർ പ്രാണ-അപാനാദി വായുവിന്റെ വ്യവഹാരത്താൽ വിദ്യയുടെ വൃദ്ധി നേടി എല്ലാവർക്കും ഉപകാരപ്പെടുന്നതരത്തിൽ പ്രവർത്തിക്കണം

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ.എം. രാജൻ)*

**മനുർഭവ ജനയാ ദൈവ്യം ജനം** *(ഋഗ്വേദം 10.53.6)*

**മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!**

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# യജ്ഞത്തിന്റെ വൈജ്ഞാനിക വിശ്ലേഷണം

*ഡോ.രാംപ്രകാശ്*



**ഇ**നി അഗ്നിയിൽ ആഹുതി ചെയ്യപ്പെടുന്ന വസ്തുക്കൾ കത്തുമ്പോൾ ഉണ്ടാകുന്ന ഗ്യാസിനേകുറിച്ചു പറയാം.


**കർപ്പൂരം**: കർപ്പൂരം വളരെ വേഗം കത്തുന്നതാണ്. അതുകൊണ്ടാണ് യജ്ഞത്തിനു കർപ്പൂരം കത്തിച്ച് അഗ്നി ജ്വലിപ്പിക്കുന്നത്. അതു കത്തുമ്പോഴുണ്ടാകുന്ന പുക യാതൊരു പരിവർത്തനവും ഉണ്ടാക്കാതെ ഉയർന്ന് വായുവിൽ ചേർന്ന് സുഗന്ധം ഉണ്ടാകുന്നു. ഇത് ദുർഗന്ധത്തേ നശിപ്പിക്കാതെ തന്റെ ഗന്ധം കൊണ്ട് അതിനെ മറയ്ക്കുക മാത്രമാണ് ചെയ്യുന്നത്. കർപ്പൂരത്തിന്റെ ബാക്കി ഭാഗം കത്തുമ്പോൾ ഒരു തരം എണ്ണ ഉണ്ടാകുന്നു. അതിൽ പയനീൻ, ഡൈപെന്റീൻ, സിനിഓൾ, യൂജിനോൾ, സൈപ്രോൾ, ടെർപ്പിനോൾ തുടങ്ങിയവ അടങ്ങിയിരിക്കുന്നു.

**തടി**: അഗ്നിഹോത്രത്തിൽ 75% തടി കത്തുന്നുണ്ട്. തീ കത്തിക്കാനാണ് ഇതുപയോഗിക്കുന്നത്. ഈ തടികത്തുന്നതു മൂലം 500 ഡിഗ്രി സെൽഷ്യസ് താപമാനം ഉണ്ടാകുന്നു. തടിയുടെ മുഖ്യഭാഗമായ സെല്ലുലോസിലും ലിഗ്നോ സെല്ലുലോസിലും ഏകദേശം 47.62 ശതമാനം ഹൈഡ്രജനും 28.57 ശതമാനം കാർബണും 23.81 ശതമാനം ഓക്സിജനും ഉണ്ട്. തടി കത്തുന്നു എന്നു പറഞ്ഞാൽ തന്നെ സെല്ലുലോസും ലിഗ്നോ സെല്ലുലോസും ഓക്സീകൃതമാകുന്നു എന്നാണ്. പിന്നീടുണ്ടാകുന്ന ഹൈഡ്രോ കാർബൺ 400–600 ഡിഗ്രി സെൽഷ്യസിനിടയിൽ കത്തിപ്പോകുന്നു. സെല്ലുലോസും ലിഗ്നോ സെല്ലുലോസും ഓക്സിജനോടൊപ്പം ചേർന്ന് കാർബൺ ഡയോക്സൈഡും വെള്ളവും ഉണ്ടാകുന്നു. വെള്ളം ആവിയായി തീരുകയും കാർബൺ ഡയോക്സൈഡ് വായുവിൽ ലയിക്കുകയും ചെയ്യുന്നു.

യജ്ഞകുണ്ഡത്തിന്റെ നിർമ്മാണം, സമിധയുടെ നീളം, അവ അടുക്കുന്നതിനുള്ള വ്യത്യാസം എന്നിവയേ ആശ്രയിച്ച് താപവും വായുവും കൂടിയും കുറഞ്ഞും വരാം. യജ്ഞ സമയത്ത് ഉണ്ടാകുന്ന ഗ്യാസ് പലവിധത്തിലും അളവിലുമുള്ളതാണ്. അവയിൽ പലതും ചേർന്ന് പുതിയതായി ഉണ്ടാകുന്ന വസ്തുക്കളെ എണ്ണിതിട്ടപ്പെടുത്തുക പ്രയാസമാണ്. ഇങ്ങനെയുണ്ടാകുന്നവയിൽ 100 ൽ അധികം പദാർത്ഥങ്ങളെ വരെ G Bigge എന്ന ശാസ്ത്രജ്ഞൻ എണ്ണിതിട്ടപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം പറയുന്നത്, ഈ സമയത്ത് പല ഹൈഡ്രോ കാർബണുകളും ആൽഡി ഹൈഡുകളും കീടോണുകളും അമ്ലങ്ങളും ആൽക്കഹോളുകളും കാർബൺഡൈഓക്സൈഡും വെള്ളവും ഉണ്ടാകുന്നു എന്നാണ്.

*(തുടരും)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ധർമ്മ പാഠങ്ങൾ

**(വൈദികധർമ്മ പ്രശ്നോത്തരി)**

*– പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി*
*തർജ്ജമ: കെ.എം. രാജൻ*

*പാഠം- 5*

## *വർണ്ണ ധർമ്മം*

**ശൗ**നകന്റെയും അംഗിരാ ഋഷിയുടേയും പുത്രൻമാരിൽ ചിലർ ബ്രാഹ്മണർ, കുറച്ചുപേർ വൈശ്യർ ഏതാനും പേർ ശൂദ്രർ എന്നിവരായി തീർന്നതായി പറയുന്നു.

പുത്രോഗൃൽസമദസ്യാസീച്ഛൂനകോയസ്യ ശൗനകഃ|
ബ്രാഹ്മണോഃ ക്ഷത്രിയാശ്ചൈവ, വൈശ്യാഃ ശൂദ്രസ്തഥൈവ ച|
ഏതസ്യവംശസംഭൂതാ വിചിത്രാഃ കർമ്മഭിർദ്വിജഃ||

*(വായൂപുരാണം 3.5)*

ബ്രാഹ്മണാദികൾ ജാതികളാണെങ്കിൽ ഇത്തരം പരിവർത്തനം ഒരിക്കലും സംഭവിക്കില്ല.

***ചോദ്യം:*** ഗുണകർമ്മാടിസ്ഥാനത്തിലുള്ള വർണ്ണ വ്യവസ്ഥയുടെ സ്ഥാനത്ത് ജാതി വ്യത്യാസം വന്നതിൽ ഉണ്ടായ ദോഷമെന്താണ് ?

***ഉത്തരം:*** ഈ ജാതി വ്യത്യാസത്തിന്റെ കാരണത്താൽ വൈരം – ഭേദഭാവം എന്നിവ വളരെയധികം വർദ്ധിച്ചു. ഐക്യം നഷ്ടപ്പെട്ട് പരസ്പരം സ്പർധ വളർന്നു. ഉന്നതകുലജാതനായതിൽ അഭിമാനം വളർന്നുവന്നു.

ഗുണകർമ്മപരിപാലനമില്ലാഎങ്കിലും ബ്രാഹ്മണകുലത്തിൽ ജനിച്ചതുമാത്രം കൊണ്ട് ഒരാൾ ബ്രാഹ്മണനായി പൂജക്ക് അർഹത നേടിയവനായിതീർന്നു. തന്റെ കർത്തവ്യബുദ്ധി നഷ്ടപ്പെട്ട് തങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളും അധികാരങ്ങളും ഉറപ്പുവരുത്താൻ പരസ്പരം കലഹങ്ങൾ തുടങ്ങി. ഇക്കാരണത്താൽ ജനങ്ങൾ ആയിരക്കണക്കിനു തട്ടുകളായി തീർന്ന് ഒരു കാര്യവും ഐക്യത്തോടേയും പ്രേമഭാവനയോടേയും ചെയ്യാൻ കഴിയാത്തവരായി തീർന്നു. അതിനാൽ ഈ തെറ്റായ ജാതിഭ്രാന്തിനേ തകർത്തെറിഞ്ഞ് തങ്ങളുടെ യോഗ്യതക്കനുസരിച്ച് നല്ല വർണ്ണധർമ്മങ്ങളെ സ്വീകരിച്ച് അനുഷ്ഠിക്കാൻ ശ്രമിക്കണം.

*(തുടരും)*

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ** *(യജു. 40-2)*
നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!

*(മുൻ ലക്കത്തിന്റെ തുടർച്ച)*




**അദ്ധ്യായം 2**

## അഗ്നി സൂക്തം

ഓം അഗ്നിർഹോതാ കവിക്രതുഃ സത്യശ്ചിത്രശ്രവസ്തമഃ |
ദേവോ ദേവേഭിരാഗമത്|| (1-1-5)

നിത്യസത്യമായി, ജ്യോതിസ്വരൂപനായ – ആ സർവ്വജ്ഞനായ പരമാത്മാവ് എല്ലാം ശ്രവിക്കുന്ന (കേൾക്കുന്ന) അത്ഭുതശക്തിയുള്ളവനാകുന്നു. വിദ്വാൻമാരോടൊപ്പം ചേർന്ന് നിൽക്കുന്നതുകൊണ്ട് അദ്ദേഹത്തെ നാം പ്രാപിക്കുന്നു.

ഓം യദംഗ ദാശുഷേ ത്വമഗ്നേ ഭദ്രം കരിഷ്യസി|
തവേത്തത്സത്യമംഗിരഃ|| (1-1-6)

ഈ ബ്രഹ്മാണ്ഡത്തിന്റെ ഭാഗമായി താനും നിന്ന് മറ്റുള്ള എല്ലാ അംഗങ്ങൾക്കും മിത്രമായിട്ടുള്ള പരമേശ്വരൻ പിശുക്കില്ലാതെ ഉത്തമമായ വസ്തുക്കളെ ദാനം ചെയ്യുന്നവരും നല്ലകാര്യങ്ങൾ ചെയ്യുന്നവരുമായ മനുഷ്യർക്കുവേണ്ടിയാണ് ഈ ലോകത്തെ സൃഷ്ടിച്ചിരിക്കുന്നത്. ഇതുതന്നെ സത്യവ്രതവും.

ഓം ഉപ ത്വാഗ്നേ ദിവേദിവേ ദോഷാവസ്തർധിയാ വയമ്|
നമോ ഭരന്തു ഏമസി|| (1-1-7)

അനേകവിധം വിജ്ഞാനവും ശ്രേഷ്ഠവുമായ അറിവുകൾ നേടാനും അവയെ ഞങ്ങൾക്ക് നല്ലവിധം മനസ്സിലാക്കാനും ഞങ്ങളുടെ ജ്ഞാനവും കർമ്മവും കൊണ്ട് ഞങ്ങൾ ഈശ്വരനേ ഉപാസന ചെയ്തുകൊണ്ടിരിക്കുന്നു. രാത്രിയും പകലും എപ്പോഴും അദ്ദേഹത്തേ നമസ്കരിച്ച് ശരണം പ്രാപിക്കുന്നു.

ഓം രാജന്തമധ്വരാണം ഗോപാമൃതസ്യ ദീദിവിമ്|
വർദ്ധമാനം സ്വേ ദമേ|| (1-1-8)

പരമേശ്വരനെ ഉപാസന ചെയ്യുന്നവർ കഷ്ടങ്ങളിൽ നിന്നും മോചനം നേടി പരമാനന്ദിതരായി വർത്തിക്കുന്നു. സർവമഹിമയുള്ളവനും പ്രകാശസ്വരൂപനുമായ അദ്ദേഹം യജ്ഞങ്ങളിൽ നിരതരായിരിക്കുന്ന ധർമ്മാക്കളായ മനുഷ്യരോടൊപ്പം നിന്ന് ഈ ലോകത്തെ രക്ഷിച്ച് അനുഗ്രഹിക്കുന്നു. സത്യജ്ഞാനമായ വേദത്തിനും കാര്യരൂപമായുള്ള ഈ ജഗത്തിനും അനാദികാരണമായിരുന്ന് എല്ലാറ്റിനേയും പ്രകാശിപ്പിക്കുന്നത് അദ്ദേഹം തന്നെ.

ഓം സനഃ പിതേവ സൂനവേഗ്നേ സൂപായനോ ഭവ|
സചസ്വാ നഃ സ്വസ്തയേ|| (1-1-9)

ജ്ഞാനസ്വരൂപനായ പരമേശ്വരൻ നമ്മുടെ പിതാവാകുന്നു. ഉത്തമജ്ഞാനത്തോടൊപ്പം എല്ലാസുഖങ്ങൾക്കും കാര്യകാരണമായിട്ടുള്ള ഈ ജഗത്തിനെ നമുക്ക് നൽകി നാം സുഖമായി ജീവിക്കാൻ കൃപ ചെയ്യുന്നു. എല്ലാവരേയും ഒരുമിച്ച് നിർത്തുന്ന ആ പരമാത്മാവിനെ നാം സ്തുതിക്കുക, നമസ്കരിക്കുക.

*(തുടരും)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

## ?= സംശയ നിവാരിണി
### സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



ഈശ്വരൻ സർവ്വജ്ഞനും ജീവാത്മാക്കളായ നമ്മൾ അൽപ്പജ്ഞരുമാണ്. അതുകൊണ്ട് ആ പൂർണ്ണസ്വരൂപനെ മനസ്സിലാക്കാനുള്ള കഴിവ് നമുക്കാർക്കുമില്ല. സൃഷ്ടിയുടെ പ്രാരംഭത്തിൽ ഈശ്വരൻ നമുക്ക് തന്ന വേദജ്ഞാനത്തെ മനസ്സിലാക്കാൻ ശ്രമിക്കേണ്ടി വരും. വേദങ്ങളിൽ ഈശ്വരൻ തന്നെപറ്റി പറഞ്ഞിരിക്കുന്നത് എല്ലാ മനുഷ്യരും അറിഞ്ഞിരിക്കേണ്ടതാണ്. അതുകൊണ്ടുതന്നെയാണ് മഹർഷി ദയാനന്ദൻ ഇപ്രകാരം പറഞ്ഞത് “വേദങ്ങൾ യഥാർത്ഥജ്ഞാനത്തിന്റെ ഉറവിടങ്ങളാണ്. വേദം പഠിക്കുക പഠിപ്പിക്കുക, കേൾക്കുക കേൾപ്പിക്കുക. എന്നത് എല്ലാ ആര്യന്മാരുടെയും പരമധർമ്മമാണ്.” ഈ ലോകത്തിൻ ആരാണോ ശ്രേഷ്ഠസ്വഭാവത്തോട് കൂടിയിരിക്കുന്നത് അവരെയാണ് വേദങ്ങളിൽ ‘ആര്യൻ’ എന്നു വിശേഷിപ്പിക്കുന്നത്. അതായത് നാം ഓരോരുത്തരും സ്വയം ശ്രേഷ്ഠൻമാരായി കണക്കാക്കുന്നുവെങ്കിൽ ആദ്യമായി ഈശ്വരന്റെ കൽപ്പനയേ മാനിക്കേണ്ടതായി വരും. ഈശ്വരന്റെ കൽപ്പന എന്നത് വേദമാണ്. വേദങ്ങളിൽ എന്താണോ പറയപ്പെട്ടിരിക്കുന്നത് അത് പഠിക്കുകയും മനസ്സിലാക്കാൻ ശ്രമിക്കുകയും അത് ആചരിക്കുകയും വേണ്ടിവരും. ഇതാണ് എല്ലാ ശ്രേഷ്ഠമനുഷ്യരുടേയും പരമപ്രധാനമായ ധർമ്മം. ഇത് എല്ലാ മനുഷ്യർക്കും ഉപകാരപ്രദവുമാണ്. ഈശ്വരൻ സച്ചിദാനന്ദസ്വരൂപനും നിരാകാരനും സർവ്വശക്തിമാനും ന്യായകാരിയും ദയാലുവും ജന്മരഹിതനും അനന്തനും നിർവ്വികാരനും അനാദിയും സർവ്വന്തര്യാമിയും സൃഷ്ടികർത്താവുമാണ്. അദ്ദേഹം തന്നെയാണ് വേദജ്ഞാനത്തേയും കർമ്മഫലത്തേയും പ്രദാനം ചെയ്യുന്നത്.

*(തുടരും)*

**മാതാഭൂമിഃ പുത്രോഹം പൃഥിവ്യാഃ ആനോ ഭൂമിർ വർദ്ധയാദ് വർദ്ധമാനാ** *(അഥർവ്വം. 12.1.12.13)*

ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്. ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റെയും ഉൽക്കർഷം

*(Continued from previous issue)*

# ARYA SAMAJ CALLING YOU

***- By Baleswar Muni***



**THE PRINCIPLES OF ARYA SAMAJ**

10. All human beings should subject themselves in abiding by the rules of social interest and should be at liberty to follow rules of individual interest.

Man is born free but is bound in fetters. The wisdom of these words dawn upon him who realizes that if society has given him certain rights, it has also directed him to fulfill his duties. One's right is another man duty. He is free to exercise his rights but is also duty bound. All those rules which are for the benefit of society are made and promulgated so that the interests and rights of all the people may be safeguarded. In compliance to these rule one must subjugate himself to them and not violate them even for his self interest. It is only then that law and order can be maintained in society. A glance at the principles will make the reader realize what is basis of the beliefs and disbeliefs of Arya Samaj and what are its aims and objects. Arya Samaj does not preach any new religion. Arya Samaj is only reviving the true Vedic Dharma in all its aspects. Arya Samaj believes that everyman is directly connected with supreme being. Worship of God means the holding of direct spiritual communion with him.

**Swami Dayanand Saraswati boosted up moral character of the Indians**

Swami Dayanand posed searching questions to his countrymen. Why do we feel inferior to others ? What is there that makes you ashamed of calling yourself Indian? Why have you parted with your national pride and prestige? "In the whole world there is no country like India. He thundered, he recited impassioned, historical episode to prove his statements. The Indians were the sole overlords of the whole world. He quoted the authorities of foreigners to convince his people of the earnestness of his stand. Mr.JACOLIET, a French scholar had written in his book "The Bible in India". India is the fountain head of all knowledge and all righteousness. All knowledge and all religions have sprung from here (India). He prays in this book, Said Dayanand "O' God make my country as advanced in knowledge as Indian was in olden days" Vedas are the original source of religion, culture and civilization of India. They are the real foundation of the Indian thought, philosophy and knowledge. They (Vedas) are the soul of India. Accordingly Swami Dayanand presented them as a scripture of divine knowledge, divine worship, divine action. This was his greatest gift to the Indian Nation. He denounced evils and vulgarities spread by the vested interest in the name of religion with the burning heat of righteous indignation and divine passion. Vedas in hand he challenged Hindu orthodoxy to prove if they justify on their bases, polytheism, pathionism, idol worship, casteism, untouchability, infant marriages, forced widowhood, sati, infanticide and a hundred and one other superstitions degenerating Hindu society. The whole frontline and reserve of the orthodoxy came forward to silence him. But Dayanand's profound scholarship, incisive logic, powerful persuasion, and opportune hammering brought them to their knees. Let no one ever renounce *dharma* (righteousness) either through fear on through greed or ever for the sake of his life. *Dharm*a is eternal, while pleasures and pains are transitory. The soul is eternal; while the body is perishable.

**Swami Dayanand Saraswati presents the true picture of God and religion**

In order to establish faith for God and religion among the people, Swami Dayanand quotes an example, i.e.the undersirable food causes diseases in the body. This does not mean that we should stop taking meals. To keep the body and soul together, proper food is very essential. Actually the undesirable food is to be stopped. Similarly inner feeling to the man is to rely upon some super power and worship him properly. If he is not given the proper guidance while worshiping the true image of God he may fall prey to worshiping the imaginary idols of Gods and Goddesses prevalent in the world. If the man does not get the proper food he may be compelled to eat anything to satisfy his hunger. The same formula is applied to quench the spiritual hunger.

**Is it possible to be without religion ?**

Is religion not as necessary for mankind as bread itself ? What does history say ? Have there ever been any nations or any part of the world which had no religion at all ? Those who are competent to speak on these subjects point just the other way. Mrs.M.BLAVATSKY in her ISI UNVAID says, it is one of the most undesirable fact of psychology that the average man can as little exist, out of a religious element of some kind, as fish out of water.

After another place Swami Dayanand quotes Mr.Count Tolstoy to give one more truth for all those who claim to destroy a religion altogether. He says that whenever efforts have been made to destroy a religion, they have resulted into the establishment of a very gross form of religion. Just as man deprived of good nourishing food, begins to eat any and everything good or bad, similarly the people deprived of a true and healthy form of religion fell down to grossest form of superstition. Try to dethrone God, you will find that false gods will take His place. Try to do away with sublime form of prayers and you will find base forms of worship taking their place. This is the

**Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 31-2)**

There is no measure, no image of that GOD whose name is Great

scientific age. Science has made a great progress. But can anyone say that even in the most scientifically advanced countries they have been able to turn out religion. It is, therefore, an urgent need, that instead of turning our back over religion or try to dispense with it altogether, we ought to try to investigate the true religion and propagate it. In this way Swami Dayanand tried to purify Hindu religion at the cost of his very life. He made the bread of religion worth eating for the whole mankind. The true picture of religion was presented to the world by him. Further, Swami Ji says that true religion should remove all the barriers that stands between man and God. But, barriers set up by different religions of the world are almost impossible to break. The result is, that instead of making the intrinsic or extrinsic life of mankind peaceful, religions have made it miserable. Realization of father-hood of God of all the people is true step towards realization of brotherhood of all men.

**Swami Dayanand's concept about the caste system prevalent in the society**

Swami Dayanand made it clear to the people of the world that the difference between man and man based on birth, colour and nation is entirely against the teachings of the holy Vedas. The difference between man and man only lies in intellectual and physical development. Good and bad people take birth in every family and every nation of the world.

Swami is of the view that it is not necessary that the son of a Brahmin will also be a Brahmin and the son of a Shudra will remain a Shudra. They can change caste (VARNA) by attaining the required qualification. A son of a Brahmin is liable to lose his high caste (VARNA) by indulging in evil activities in the society. A son of Shudra can similarly become Pandit (Brahmin) by attaining the qualifications of a Scholar. There are glaring examples in the Arya Samaj, where Shudras are serving as purohiths, teachers and preachers by getting the required qualifications. Swami Ji proclaimed that all men were fundamentally equal. They have the inherent right to receive education; no man can be debarred from education. It was Arya Samaj which opened schools for women as well as for untouchable at the teeth of opposition from misguided orthodox people.

Further, the scholars of Arya Samaj, by quoting from ancient Sanskrit Scriptures, smrities and Vedas have now convinced the Hindus in general that, by introducing social reforms they would be performing an obligation which their own sacred book demand and by neglecting it they would be committing a sin. To stand in the way of widow marriage is a sin. To practice or encourage child marriage is a sin. To deprive women or any section of men of the right of education is a sin. Infanticide is a sin. Untouchability is a sin. It is the Arya Samaj that has created these convictions in the minds of Hindus and the world at large.

**The Place of *GURU* in the eyes of Swami Dayanand**

About *guru* (true teacher), Swami Dayanand was of the opinion, that, whoever by your *guru*, as long as you can directly realize the reflection of your maker (God) within your onself, it is all right. He can guide you to that end. He cannot be an end in himself. He should only beckon you towards God. He should not stand between Him and His disciples. Swami Dayanand, in his great work the Satyarth Prakash (Light of Truth) has very clearly brought to light the private doings of such *gurus* though he himself a sage of high order and he never advise his followers to blindly and sheeply follow him. He simply points to the teachings of the true Vedas. Arya Samaj has altogether done away with gurudom. If all Hindus free themselves from the influence of gurudom, whatever their other differences they will have no difficulty in being united.

His nobility of purpose and purity of life made Swami Dayanand equally adorable by his followers. But one point he emphasized was that he was as good a man as anybody also, and therefore his saying should not be an object of blind faith. It is only through teaching like these that all worships other than the worship of God can be up-rooted.

**(To be continued)**

## ദയാനന്ദ സന്ദേശം വരിസംഖ്യാ വിവരണം

ദയാനന്ദ സന്ദേശത്തിന്റെ ഒറ്റപ്രതി വില 5 രൂപയാണ്. വാർഷിക വരിസംഖ്യ 60 രൂപ. ദീർഘകാലവരിസംഖ്യ 1000 അടയ്ക്കുന്നവർക്ക് ഒരു വൈദിക ഗ്രന്ഥം സൗജന്യമായി അയച്ചുകൊടുക്കുന്നതാണ്. കൂടാതെ വെള്ളിനേഴി ആര്യസമാജം പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങൾ 10 ശതമാനം വിലക്കുറവിലും നൽകുന്നതാണ്. വരിസംഖ്യയും ദാനവും "ആര്യ സമാജം വെള്ളിനേഴി" എന്ന പേരിലെടുത്ത പഞ്ചാബ് നാഷണൽ ബാങ്ക് ചെർപ്പുളശ്ശേരി ബ്രാഞ്ചിൽ മാറ്റാവുന്ന ഡ്രാഫ്റ്റ്/ചെക്ക്/എം.ഒ ആയി ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി – 679 504 എന്ന വിലാസത്തിൽ അയ്ക്കുക. **ഔട്ട് സ്റ്റേഷൻ ചെക്ക് അയക്കുന്നവരും പണം നേരിട്ട് ബാങ്കിൽ അടക്കുന്നവരും 28 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടക്കേണ്ടതാണ്.** വരിസംഖ്യ കുടിശ്ശിക ആയവർ ഉടൻ പുതുക്കി സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു. ദയാനന്ദ സന്ദേശത്തിന്റെ വരിക്കാരായി ചേർന്ന് വേദപ്രചാരണത്തിൽ പങ്കാളികളാകുക. 10 പുതിയ വരിക്കാരെ ചേർക്കുന്നവർക്ക് ഒരു വൈദിക സഹിത്യം സമ്മാനമായി ലഭിക്കും.

☞

**Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa (Atharva Veda 330.3)**

Let not a brother hate his brother and let not a sister hate her sister

# ആചാര്യ ആര്യഭാസ്കർജിക്ക് ശ്രദ്ധാഞ്ജലി

*ടി.ആർ ബാലചന്ദ്രൻ നായർ*



**കേ**രളത്തിൽ ആര്യസമാജത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ച ഒരു മഹത് വ്യക്തിത്വമായിരുന്നു ശ്രീ ആര്യഭാസ്കർ. അനേകായിരങ്ങളുടെ ഗുരുവായിരുന്ന ആ മഹാജ്ഞാനി കഴിഞ്ഞമാസം 21-ാം തിയ്യതി ഞായറാഴ്ച രാവിലെ 8.45 ന് ഭൗതീക ശരീരം ഉപേക്ഷിച്ചു. കേരളത്തിൽ വൈദികമാർഗ്ഗത്തിൽ സഞ്ചരിക്കുന്നവർക്ക് മാർഗ്ഗദീപമായിരുന്ന അദ്ദേഹം ഈ ലോകംവിട്ടു പോയതോടു കൂടി അക്ഷരാർത്ഥത്തിൽ ഈ പ്രദേശം (കേരളം) ഇരുട്ടിലാണ്ടിരിക്കുന്നു.

ദക്ഷിണകേരളത്തിൽ സഹ്യപർവ്വതത്തോടു ചേർന്ന് കിടക്കുന്ന പത്തനംതിട്ട ജില്ലയിൽ പത്തനംതിട്ട നഗരപ്രാന്തമായ വെട്ടിപ്പുറത്ത് കോയിക്കലേത്ത് വീട്ടിൽ പരേതരായ കൃഷ്ണൻനായരുടേയും കല്യാണിയമ്മയുടേയും ദ്വിതീയ പുത്രനായി 1931 സെപ്തംബർ 10-ാം തിയ്യതി അദ്ദേഹം ജനിച്ചു. ദീനാനുകമ്പയും സമഭാവനയും ഭക്തിയും അദ്ദേഹത്തിന്റെ പിതാവിൽ സവിശേഷമായി തെളിഞ്ഞുനിന്നിരുന്നു. മാതാവ് പരമസാധ്വിയും. ഈ മാതൃകാദമ്പതിമാർക്ക് മൂന്ന് പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. കാർഷികവൃത്തി മാത്രമായിരുന്നു ഈ കുടുംബത്തിന്റെ ജീവനോപാധി. കാർഷികവൃത്തി കൊണ്ട് ആഹാരത്തിനു ബുദ്ധിമുട്ടില്ലാതെ ജീവിക്കാൻ സാധിച്ചുവെങ്കിലും സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥ നിലനിന്നിരുന്നു.

ബാല്യകാലം മുതൽ തന്നെ ഭാസ്കർജി മിതഭാഷിയും ശാന്തനും ചിന്താശീലനുമായിരുന്നു. പഠനത്തിൽ ഉത്സാഹിയും കർത്തവ്യനിർവ്വഹണത്തിൽ ശ്രദ്ധാലുവുമായിരുന്ന അദ്ദേഹം കണ്ടറിഞ്ഞതും, കേട്ടറിഞ്ഞതും, വായിച്ചറിഞ്ഞതും ഉള്ളിൽ ഭദ്രമായി സൂക്ഷിച്ചു.

17-ാം വയസ്സിൽ പത്താം തരം (SSLC) ജയിച്ചു.സ്വാതന്ത്ര്യസമരം പരിസമാപ്തിയിലെത്തിയ കാലം. ദേശീയ പ്രസ്ഥാനങ്ങൾ ശക്തമായി. ദേശീയചിന്താധാര വിദ്യാർത്ഥികളിൽ ശക്തമായിവളർന്നിരുന്നു. ഹിന്ദി ദേശീയ ഭാഷയായിത്തീരണമെന്നുള്ള ആഗ്രഹം മിക്ക ദേശീയനേതാക്കന്മാർക്കും ഉണ്ടായിരുന്നു. ഭാരതീയ സംസ്കാരത്തോടും ഭാരതീയതയോടും ഭാസ്കർജിക്കു പൈതൃകമായി ലഭിച്ച സ്നേഹാദരങ്ങൾ കൊണ്ട് ഹിന്ദി ദേശീയ ഭാഷയായിത്തീരണമെന്ന നേതാക്കന്മാരുടെ ആഹ്വാനത്തിൽ ആകൃഷ്ടനായ അദ്ദേഹം ഹിന്ദിപഠിക്കുവാൻ തീരമാനിച്ചു. ചെങ്ങന്നൂരിൽ പ്രവർത്തിച്ചിരുന്ന ഹിന്ദി വിദ്യാലയത്തിൽ ചേർന്നു. ഹിന്ദി പ്രചാരസഭയാണ് ക്ലാസ്സുകൾ നടത്തിയിരുന്നത്. ആ സമയത്ത് ചെങ്ങന്നൂരിൽ ആര്യസമാജ പ്രവർത്തനങ്ങളും നടക്കുന്നുണ്ടായിരുന്നു. ഉത്തരഭാരത്തിൽ നിന്നെത്തിയ ഒരാളായിരുന്നു ആര്യസമാജപ്രവർത്തനങ്ങൾക്കുമേൽനോട്ടം വഹിച്ചിരുന്നത്.

ചെങ്ങന്നൂരിൽ ശ്രീ രാമചന്ദ്രദേവന്റെ ശിഷ്യനായി ഹിന്ദിപഠനം തുടർന്നു. ശ്രീ രാമചന്ദ്രദേവ് പിന്നീട് കൊച്ചിൻ സർവ്വകലാശാലയിൽ ഹിന്ദി വിഭാഗം തലവനായി. ശ്രീരാമചന്ദ്രദേവ് പൂർണ്ണമായും ആര്യസമാജപ്രവർത്തനങ്ങൾ നടത്തിയിരുന്നില്ലെങ്കിലും ആര്യസമാജത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ചിന്താപദ്ധതികളും നല്ല വണ്ണം അറിഞ്ഞിരുന്നു. അദ്ദേഹവുമായുള്ള നിരന്തരസമ്പർക്കം ആര്യസമാജത്തിന്റെ വീക്ഷണം മനസ്സിലാക്കുന്നതിന് ആര്യഭാസ്കർജിക്ക് വഴി തുറന്നുകൊടുത്തു. ഹിന്ദി പഠിച്ചിരുന്ന വിദ്യാലയത്തിലെ പുസ്തകാലയത്തിൽ ഹിന്ദിസാഹിത്യഗ്രന്ഥങ്ങളോടൊപ്പം ആര്യസമാജത്തിന്റെ വിപുലമായ ഒരു ഗ്രന്ഥശേഖരവും ഉണ്ടായിരുന്നു. അവിടെ താമസിച്ചുകൊണ്ട് രാത്രി പുലരുവോളം ആര്യസമാജഗ്രന്ഥങ്ങൾ വായിക്കുമായിരുന്നു. ആ ഗ്രന്ഥങ്ങളിലൂടെ പ്രകാശിതമായിരുന്ന ആര്യസമാജതത്ത്വങ്ങളും സിദ്ധാന്തങ്ങളും മനസ്സിലുറപ്പിച്ചു. അക്കൂട്ടത്തിൽ പണ്ഡിറ്റ് ഭഗവദ്ദത്തയുടെ 'ഭാരത് കാ ഇതിഹാസ്', പണ്ഡിറ്റ് രാമചന്ദ്രയുടെ 'ആര്യസമാജ് കാ ഇതിഹാസ്' തുടങ്ങിയ ഗ്രന്ഥങ്ങൾ അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചു. അതോടുകൂടി ആര്യസമാജത്തോടുള്ള പ്രേമം കലശലായി. എങ്ങിനെയും ഉത്തരേന്ത്യയിലെത്തണം, ഗുരുകുലത്തിൽ പഠിക്കണം എന്നുറപ്പിച്ചു. ഉത്തരേന്ത്യയിലെത്തുന്നതിനാവശ്യമായ പണം ഉണ്ടായിരുന്നില്ല. മാത്രമല്ല ഉത്തരേന്ത്യയിലെത്തുന്നതിൽ എന്തെല്ലാം തയ്യാറെടുപ്പുകളാണ് വെണ്ടെതെന്നറിയില്ല. കാരണം അതിന് മുമ്പ് ആ പ്രദേശത്തുനിന്നാരും തന്നെ ഉത്തരേന്ത്യൻ യാത്രനടത്തിയിട്ടില്ല. University of Travancore ൽ Faculty of Oriental Studies and fine Arts ൽ നിന്ന് ഹിന്ദി വിദ്വാൻ പാസ്സായി. ആ സമയത്ത് ശ്രീ രാമചന്ദ്രദേവ് MA യ്ക്ക് പഠിക്കാൻ ഹിന്ദി വിദ്യാലയം വിട്ടുപോയ ഒഴിവിൽ ശ്രീ ഭാസ്കർജി അല്പകാലം അവിടെ ഹിന്ദി അദ്ധ്യാപകനായി. അധികകാലം ആ ജോലി ചെയ്തില്ല. ആര്യസമാജഗുരുകുലത്തിൽ പോയിപഠിക്കാനുള്ള ആഗ്രഹം അപ്പോഴേക്കും അതിശക്തമായി. അദ്ദേഹം ആ സമയത്ത് ദില്ലിയിലെ സാർവ്വദേശിക് ആര്യ പ്രതിനിധി സഭയ്ക്ക് തന്റെ ആഗ്രഹങ്ങൾ കാണിച്ചുകൊണ്ട് കത്തെഴുതി. അവിടെ നിന്ന് ഇന്നത്തെ ഹരിയാന സംസ്ഥാനത്തിൽ ഹിസ്സാറിനടുത്തുള്ള യമുനാനഗറിലെ ഗുരുകുലത്തിലേക്ക് പോകാൻ നിർദ്ദേശവും കിട്ടി. പിതാവിൽ നിന്നും ലഭിച്ച 100 രൂപയും കൊണ്ട് യമുനാ നഗറിലേക്കു യാത്രതിരിച്ചു (1951) ആ ഗുരുകുലം സ്ഥാപിച്ചത് കറാച്ചിയിൽ നിന്ന് യമുനാ നഗറിലെത്തിയ മഹായോഗിയും, ജ്ഞാനിയും അനേകപ്രൗഢഗ്രന്ഥങ്ങളുടെ കർത്താവുമായിരുന്ന സ്വാമി ആത്മാനന്ദസരസ്വതിയാണ്. ആത്മാനന്ദസരസ്വതിയുടെ ശിഷ്യനായി അവിടെ പഠിച്ചു.

ഗുരുകുലത്തിൽ വച്ച് സംസ്കൃതം, ആർഷസിദ്ധാന്തങ്ങൾ ദർശനങ്ങൾ വേദങ്ങൾ ഇവ വളരെ വേഗം സ്വായത്തമാക്കി ഉത്തമരായവർക്ക് പൂർവ്വജന്മത്തിൽ

**Bhadram Karnebhih Shrunuyaama Deva Bhadram Pashyema Akshabhir Yajathrah (Yajurveda 25-21)**

May we always hear what is good and see what is good aswell.

നേടിയജ്ഞാനം ഈ ജന്മത്തിൽ പൊടിതട്ടിയെടുത്താൽ മാത്രം മതിയല്ലോ.

അപ്പോഴേക്കും വീട്ടിൽ തന്റെ സാന്നിദ്ധ്യം അത്യാവശ്യമായിത്തീർന്നു. അധികം താമസിയാതെ ജ്യേഷ്ഠസഹോദരൻ ഈ ലോകത്തോടും യാത്ര പറഞ്ഞു. നാട്ടിലെത്തിയശേഷം ഹിന്ദിയുടേയും ഭാരതസംസ്കൃതിയുടേയും പ്രചാരണത്തിനായി ആര്യവിദ്യാകേന്ദ്രം സ്ഥാപിച്ചു. മുപ്പതിൽ പരം വർഷം അത് നടത്തിപ്പോന്നു.

1961 ഡിസംബർ 7–ാം തിയ്യതി ശ്രീമതി ലക്ഷ്മികുട്ടിയമ്മയെ വിവാഹം കഴിച്ചു ഗൃഹസ്ഥധർമ്മം സ്വീകരിച്ചു. അവർക്ക് ചേതൻ, നവീൻ എന്നീ രണ്ടു മക്കൾ ജനിച്ചു. ഗാർഹസ്ഥ്യത്തോടൊപ്പം സ്വാദ്ധ്യായവും വേദപ്രചാരണവും നടത്തി. ആദ്യകാല ശിഷ്യന്മാരിൽ രണ്ടുപേരെ അദ്ദേഹം ഹിസ്സാറിലയച്ചുപഠിപ്പിച്ചു. അതിലൊരാൾ 4 വർഷം പഠിച്ച് 'സോമദേവ്' ആയി തിരിച്ചെത്തി. രണ്ടാമൻ പഠനം പൂർത്തിയാക്കിയില്ല.

അദ്ദേഹം 2011 വരെ കേരളത്തിലെല്ലാം യാത്ര ചെയ്ത് വേദമഹത്ത്വവും ആര്യസന്ദേശവും പ്രചരിപ്പിച്ചുകൊണ്ടിരുന്നു. (മക്കൾ: ചേതൻ ഇലക്ട്രിസിറ്റി ബോർഡിൽ ജോലി ചെയ്യുന്നു, ഭാര്യ രജനി അദ്ധ്യാപിക, നവീൻ ദില്ലിയിൽ ജോലി ചെയ്യുന്നു.)

●

*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**



"പാപി പോയേടം പാതാളം" എന്നൊരു ചൊല്ലുണ്ട്. പാപം ചെയ്തവരാണ് പെണ്ണായി ജനിക്കുന്നവരെന്ന് മാതൃപുരാണത്തിലുണ്ട്. "പുരുഷന് വിത്തുപാകേണ്ട ഭാരമേ ഉള്ളു. സ്ത്രീയാണ് ഭാരം പേറുന്നവൾ." എന്നൊക്കെ, പക്ഷേ, എനിക്കിപ്പോൾ തോന്നുന്നത്. പാപം ചെയ്ത ജീവനാണ് ഉണ്ണിയായി പിറക്കുക എന്നാണ്. ഞാനെന്തുപാപമാണോ ചെയ്തതാവോ, ഇങ്ങിനെ ആണായി പിറക്കാൻ ? എന്റെ ഒരു മണ്ടേൽ വര നോക്കണേ ! ബ്രഹ്മാവ് സൃഷ്ടിക്കുമ്പോൾ ജീവന്റെ ഭാവി തലയിൽ കുറിച്ചിടുമെന്ന് അമ്മയുടെ വേദാന്ത പ്രസംഗത്തിൽ കേട്ടിട്ടുണ്ട്. അത് മാന്തിയാൽ പോകില്ലത്രെ! ഒരു ദിവസം അമ്മ മടിയിലിരുത്തി പേൻ നോക്കുമ്പോൾ എന്റെ തലയിൽ 'മുച്ചുഴി ' കണ്ടിട്ട് 'മുച്ചുഴിയൻ മുടി ചൂടും' 'എന്റെ കുട്ടൻ വലുതായാലേയ്, വലിയ കൊട്ടാരം പണിയും. രാജാവാകും, നല്ലോണം പഠിച്ച് വിദ്വാനാകണം ട്ടോ. കളിച്ചാൽ മാത്രം പോരാ, ഭാഗവതോം രാമായണവുമൊക്കെ വായിക്കാറാകണം ട്ടോ. എന്നിട്ട് ശ്രീകൃഷ്ണനെയും ശ്രീരാമനേയും പോലെ ആയിതീരണം. മലസ്സിലായില്ലേ ? അപ്പുകുട്ടാ....' എന്നൊക്കെ.

"വെറും പൊന്നാരം. ഹും. പറ്റിക്കാൻ അല്ലാതെന്തിനാ? അല്ലെങ്കിൽ കൊണ്ടുപോകാത്തതെന്താ, എന്നെ? ഓപ്പോളെയാണധികം അമ്മക്കിഷ്ടമെന്ന് തെളിഞ്ഞില്ലെ? എന്തായാലും വേണ്ടില്ല, ഞാൻ പോകും ഉറപ്പാ. എനിക്കിവിടെ കളിക്കാനും ഒന്നിനും തരാവില്ല. ജപോം സഹസ്രനാമോം മാത്രം. അച്ഛന്റെ രുദ്രരൂപം കണ്ട്, പൂച്ചയുടെ മുന്നിലെ എലിയെന്നപോലെ, ജീവിക്കാൻ എനിക്ക് വയ്യ. ചത്താലും വേണ്ടില്ല. ഞാൻ പോകും.... പോകും തീർച്ച.

ഞാൻ ഉള്ളിലൊരു പരിപാടി തയ്യാറാക്കി. നല്ല കുട്ടി ചമഞ്ഞ് പോകുന്നില്ല എന്ന മട്ടിൽ മിണ്ടാതിരുന്നു. അമ്മ പുറപ്പെടാനായി പുതപ്പും കുടയും (അക്കാലത്ത് അന്തർജനങ്ങൾ പുതപ്പും ഓലക്കുടയുമായാണ് പുറത്തിറങ്ങിയിരുന്നത് – പത്രാധിപർ) എടുത്തു. ഇലക്കോണകവു മുടുത്ത് തോർത്തുമായി പിന്നാലെ ഇറങ്ങി ഓപ്പോളും.

*(തുടരും)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

## മൂന്നാം പ്രഭാഷണം (ധർമ്മാധർമ്മം)




ഇപ്രകാരം പതിനൊന്ന് ലക്ഷണമുള്ളതാണ് സനാതനധർമ്മം (ഇത് മനുഷ്യരുടെ കർത്തവ്യമാണ്.)

*ഏതദ്ദേശപ്രസൂതസ്യസകാശാദ് അഗ്രജൻമനഃ|*

*സ്വംസ്വം ചരിത്രം ശിക്ഷേരൻ പൃഥിവ്യാം സർവ്വമാനവഃ||*

*(മനുസ്മൃതി 2 - 20)*

വ്യാവഹാരിക ജീവിതത്തിലും ധർമ്മത്തിന് ഊന്നൽ നൽകേണ്ടതുണ്ട്. സർവ്വലോകങ്ങളിലേക്കും വിജ്ഞാനം പകർന്നു നൽകിയത് ഈ ആര്യാവർത്തത്തിൽ നിന്നായിരുന്നു. ഈ ആര്യാവർത്തദേശത്തിലെ ആര്യപുരുഷൻമാരുടെ വൈഭവത്തേക്കുറിച്ച് എത്ര തന്നെ പറഞ്ഞാലും അത് വളരെ കുറച്ച് മാത്രമായിരിക്കും. കപ്പലുകൾക്ക് നികുതിയീടാക്കുന്നതിനേകുറിച്ച് മനുസ്മൃതിയിലെ എട്ടാമദ്ധ്യായത്തിൽ മനു എഴുതുന്നു.

*സമുദ്രയാനകുശലാ ദേശകാലാർത്ഥ ദർശിനഃ|*

*സ്ഥാപയന്തി തു യാം വൃദ്ധി സാ തത്രാധിഗമം പ്രതി ||*

*(മനുസ്മൃതി 8 - 157)*

ഇതിൽ നിന്നും വ്യക്തമാകുന്നത് സമുദ്രമാർഗ്ഗം സഞ്ചരിക്കുന്നതിനുള്ള കപ്പലുകളും മറ്റും ആദ്യമായി നിർമ്മിച്ചത്. നമ്മുടെ നാട്ടുകാരായിരുന്ന എന്നാണ്.

**അധർമ്മം:–** അധർമ്മമെന്നാൽ അന്യായമായത് എന്നർത്ഥം. ഇതിനേക്കുറിച്ച് ചിന്തിക്കേണ്ടതാണ്. മനു എഴുതുന്നു.

☞

*പരദ്രവ്യേഷ്വഭിധ്യാനം മനസാനിഷ്ടചിന്തനമ് ||*
*വിതഥാഭിനിവേശശ്ച ത്രിവിധം കർമ്മ മാനസമ്|*
*പാരുഷ്യമനൃതം ചൈവ പൈശൂന്യം ചാപി സർവ്വശഃ|*
*അസംബദ്ധപ്രലാപശ്ച വാങ്മയം സ്യാച്ചതുർവ്വിധമ്|*
*അദത്താനാമുപാദാനം ഹിംസാ ചൈവാവിധാനതഃ|*
*പരദാരോപസേവാ ച ശരീരം ത്രിവിധം സ്മൃതമ് ||*

*(മനുസ്മൃതി 12.5, 6.7)*

മാനസിക കർമ്മങ്ങളിൽ മുഖ്യമായ 3 അധർമ്മങ്ങളുണ്ട്.

1. പരദ്രവ്യേഷഭിധ്യാനം – പരദ്രവ്യമോഷണം
2. മനസാനിഷ്ടചിന്തനം – മറ്റുള്ളവരെകുറിച്ച് മോശമായി വിചാരിക്കുക, ദ്വേഷഭാവം ഉണ്ടാവുക
3. വിതഥാഭിനിവേശം – തെറ്റായി സങ്കൽപ്പിക്കുക.

*(തുടരും)*

## ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

### ആര്യോദയം 2013

മഹർഷി ദയാനന്ദന്റെ സന്ദേശം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കാനും തദ്വാര സമൂഹത്തിൽ നടമാടുന്ന തിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുക എന്നുമുള്ള സദുദ്ദേശത്തോടെ 'ആര്യോദയം 2013' എന്ന ഒരു വേദപ്രചാരണ യജ്ഞം സെപ്റ്റംബർ 14 ന് വെള്ളിനേഴിയിൽ വെച്ച് നടത്തുന്നു. ആര്യജഗത്തിലെ ഉന്നതസന്യാസി ശ്രേഷ്ഠന്മാർ പങ്കെടുക്കുന്ന ഈ മഹത്സംരംഭത്തിലേക്ക് ഏവരെയും ക്ഷണിച്ചുകൊള്ളുന്നു.

കാര്യദർശി, ആര്യസമാജം, വെള്ളിനേഴി

### അന്താരാഷ്ട്രീയ ആര്യമഹാസമ്മേളനം ഡർബനിൽ (ദക്ഷിണാഫ്രിക്ക)

ദക്ഷിണാഫ്രിക്കയിലെ ഡർബനിൽവെച്ച് 2013 നവംബർ 28, 29, 30, ഡിസംബർ 1 എന്നീ തിയ്യതികളിൽ അന്താരാഷ്ട്രീയ ആര്യമഹാസമ്മേളനം നടക്കുന്നു. ഭാരതത്തിൽ നിന്നുള്ള പ്രതിനിധികൾ മുംബൈയിലെ ഛത്രപതി ശിവജി വിമാനതാവളത്തിൽ നിന്ന് നവംബർ 20 ന് യാത്ര തിരിക്കും. ഡിസംബർ 3 ന് തിരിച്ചെത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സാർവ്വദേശിക് ആര്യപ്രതിനിധി സഭയുമായി ബന്ധപ്പെടാവുന്നതാണ്.

### അജ്മീറിൽ ഋഷിമേള നവംബർ 8, 9, 10 ന്

അജ്മീർ ഋഷി ഉദ്യാനിൽ വർഷംതോറും നടക്കാറുള്ള ഋഷി മേള ഈ വർഷം നവംബർ 8, 9, 10 തിയ്യതികളിൽ നടക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആര്യപണ്ഡിതന്മാർ ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് പരോപകാരിണി സഭയുമായി (അജ്മീരിലെ ഋഷി ഉദ്യാനം) ബന്ധപ്പെടാവുന്നതാണ്.

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | ബ്രഹ്മയജ്ഞം അഥവാ സന്ധ്യോപാസന | – | ₹ 10 |
| (2) | വേദം – എന്ത്? എന്തിന്? എങ്ങനെ? | – | ₹ 95 |
| (3) | അഗ്നിഹോത്ര വിധി (സ്റ്റോക്ക് പരിമിതം) | – | ₹ 20 |
| (4) | ആര്യോദയം | – | ₹ 10 |
| (5) | ആര്യസമാജം എന്ത്? എന്തിന്? | – | ₹ 10 |
| (6) | സത്യാർത്ഥപ്രകാശം എന്ത്? എന്തിന്? | – | ₹ 10 |
| (7) | വൈദിക നിത്യകർമ്മ വിധി | – | ₹ 20 |
| (8) | Vedas in Story form and Chaturvarnyam | – | ₹ 35 |

*(പോസ്റ്റേജ് ചിലവ് പുറമെ)*

**വൈദിക സാഹിത്യങ്ങൾ വാങ്ങുന്നതിനും അഗ്നിഹോത്രം, ഷോഡശ സംസ്കാരങ്ങൾ എന്നിവ വൈദിക വിധിയനുസരിച്ച് നടത്തുവാനും താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് സ്വന്തം വിലാസം എഴുതിയ സ്റ്റാമ്പു പതിച്ച കവർ സഹിതം താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.**

**കാര്യദർശി, ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ, വെള്ളിനേഴി പി.ഒ., പാലക്കാട് 679504**

### ഉടൻ പ്രസിദ്ധീകരിക്കുന്ന വൈദിക സാഹിത്യം
### *സന്ധ്യ - അഗ്നിഹോത്രം*

വേദാദി ശാസ്ത്രങ്ങളിലൂടെ ഈശ്വരൻ നിർദ്ദേശിച്ചതും സർവ്വമാനവരും നിത്യവും അനുഷ്ഠിക്കേണ്ടതുമായ പഞ്ചമഹായജ്ഞങ്ങളുടെ ഭാഗമായ ബ്രഹ്മോപാസന അഥവാ സന്ധ്യാവന്ദനം, അഗ്നിഹോത്രം (ദേവയജ്ഞം) എന്നിവയും പൗർണ്ണമിക്കും അമാവാസിക്കും ചെയ്യേണ്ടുന്ന ദർശേഷ്ടി, ജന്മദിനാഘോഷം,വിവാഹ വാർഷികം, അക്ഷരാരംഭം എന്നീ വിശേഷാവസരങ്ങളിൽ അനുഷ്ഠിക്കേണ്ട ക്രിയകൾ, വൈദിക രാഷ്ട്രഗാനം, ഐകമത്യസൂക്തം, ഭോജനമന്ത്രം, മൃത്യുഞ്ജയ മന്ത്രം തുടങ്ങി വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം എല്ലാ ഗ്രഹങ്ങളിലും ഉണ്ടായിരിക്കേണ്ടതാണ്. മഹർഷി ദയാനന്ദ സരസ്വതി ചിട്ടപ്പെടുത്തിയ വൈദിക വിധികളുടെ മലയാള പരിഭാഷയായ ഈ മഹത്ഗ്രന്ഥം ആവശ്യമുള്ളവർ ഉടൻ കാർഡയച്ചു ബുക്ക് ചെയ്യുക.

***Be a part of Veda Prachar by distributing Vedic Literatures and donate liberally for that***

**Arya Samajam**
**Bank Account No: 4264000100071490**
IFSC Code : PUNB 0426400
**Punjab National Bank- Cherpalcheri Branch**

To

............................................................................

............................................................................

............................................................................

............................................................................

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi, Palakkad - 679504. Printed at Ambal Quick Print Shop, Palakkad. Chief Editor: Sri. K. Velayudha Arya. Editor responsible for selecting articles: K.M. Rajan. Editorial Board: T.R. Balachandran Nair, Acharya Sreedhara Shasthry, V. Govinda Das. Advisory Board: Suraj Prakash Kumar *(Fakire Dayanand)*, Brigadier (Retd) Chitranjan Sawant, Dr. Vivek Arya, Vanaprasthi Raju Poonjar,G.Sasikumar. Vyvasthapakan: P. Sivasankaran. For private circulation among members only.

E-mail: dayanandasandesam@gmail.com Visit us : aryasandesam.blogspot.in Ph: 09562529095

***ആര്യൻ നമ്മുടെ പേരാണ്! വേദം നമ്മുടെ മതമാണ്! യജ്ഞം നമ്മുടെ കർമ്മമാണ്!***
***സത്യം നമ്മുടെ വ്രതമാണ്! സേവനമല്ലോ നമ്മുടെ ലക്ഷ്യം!***